14941 പേർക്ക് നിയമനം പി.എസ്.സി.-യിൽനിന്നും നൽകിയിട്ടുണ്ട്. 2011-ൽ ലഭ്യമായ ലിസ്റ്റിൽനിന്നും കണ്ടക്ടർ വിഭാഗത്തിൽ 3270 പേരുടെ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആകെ 22569 സ്ഥിര ജീവനക്കാർ ഉണ്ടായിരുന്നത് ഇപ്പോൾ 28425 ആയി വർദ്ധിച്ചു.

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ 273 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഡ്രൈവർ വിഭാഗം	68
കണ്ടക്ടർ	101
അസിസ്റ്റന്റ്	24
സ്റ്റോർ വിഭാഗം	9
ടൈപ്പിസ്റ്റ്	1
മെക്കാനിക്ക് (ആട്ടോ)	32
മെക്കാനിക്ക് (ജനറൽ)	21
അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ	17
ആകെ	273

(ഡി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

അട്ടക്കുളങ്ങരയിൽ കെ.എസ്.ആർ.ടി.സി. വക വാണിജ്യ സമുച്ചയം

158 (608) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ അട്ടക്കുളങ്ങരയിൽ കെ.എസ്.ആർ.ടി.സി. വക സ്ഥലത്ത് പുതിയ കെട്ടിടം/വാണിജ്യസമുച്ചയം നിർമ്മിക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം അറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലത്ത് ഒരു വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിനും ആയതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനം എടുത്തിട്ടുണ്ട്.

(ബി&സി) ഇത് ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ചെയ്യുന്നതിനായി കെ.എസ്.ആർ.ടി.സി. ബോർഡ് തീരുമാനപ്രകാരം കെ.റ്റി.ഡി.എഫ്.സി.-യെ ഏൽപ്പിച്ചുകഴിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly